"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കൊല്ലം ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യ. കെ-യുടെ മകളുടെ ചികിത്സാ ഇനത്തിലുള്ള മെഡിക്കൽ റീ - ഇമ്പേഴ്സ്മെന്റ് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 2849/2026/ധന** **തീയതി, തിരുവനന്തപുരം 15/03/2026**

പരാമർശം :-
1. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 04/01/2024 തീയതിയിലെ ഇൻഷ്വ/എസ്റ്റാ/ഇ 2/റ്റി 001813845 നമ്പർ കത്ത്.
2. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 06/12/2023 തീയതിയിലെ ഡി2-E 434074/2023/ജി.മെ.ആ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കൊല്ലം ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യ.കെ-യുടെ മകളുടെ ചികിത്സയുമായി ബന്ധപ്പെട്ട് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്ററിൽ 23/02/2023 മുതൽ 20/10/2023 വരെ ചെലവായ തുക മെഡിക്കൽ റീഇംമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിലേക്ക് അപേക്ഷയും അനുബന്ധരേഖകളും പരാമർശം (1) ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 43,172/- രൂപ അനുവദനീയമാണെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. സന്ധ്യ. കെ-യുടെ മകളുടെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്ററിൽ 23/02/2023 മുതൽ 20/10/2023 വരെ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച 43,172/- രൂപയുടെ 80 ശതമാനമായ 34,538/- രൂപ (മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) 21.06.2023-ലെ സ.ഉ.(പി) നം. 60/2023/ധന, 03.10.2025 -ലെ സ.ഉ.(പി)നം. 120/2025/ധന എന്നിവ പ്രകാരം പ്രതിപൂരണം ചെയ്ത് ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് '2235-60-110-98-01 (4) മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ് (Non-Plan)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പുനഃപരിശോധനയിൽ അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷക പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള , തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഇ : 2670214/എസ്റ്റാ ഡി4/12/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ